# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 458** **22/07/2015-ൽ മറുപടിയ്ക്ക്**

## ആധുനിക ശുചിത്വ മൽസ്യമാർക്കറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ദേശീയ മത്സ്യ വികസന ബോർഡിന്റെ 90% ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നു. ഇതിന്റെ ഭാഗമായി 41 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) കടലിൽ പിടിക്കുന്ന മത്സ്യം ഒട്ടുംതന്നെ മൂല്യശോഷണം സംഭവിക്കാതെ ഗുണഭോക്താവിന്റെ അടുക്കളയിൽ എത്തിക്കാനുതകുന്ന രീതിയിൽ ഒരു കോൾഡ് ചെയിൻ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക സൗകര്യങ്ങളുള്ള മത്സ്യമാർക്കറ്റുകൾ തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നു. പച്ച മത്സ്യത്തിനും, ഉണക്ക മത്സ്യത്തിനും വെവ്വേറെ സ്റ്റാളുകൾ, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ്, അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതായി ചിൽ റൂം സംവിധാനം, മലിനജലം സംസ്കരിക്കുന്നതിനായി മലിന ജല സംസ്ക്കരണ യൂണിറ്റ് തുടങ്ങിയ സൗകര്യങ്ങളോടുകൂടിയതും ആവശ്യത്തിന് സ്ഥല സൗകര്യവുമുള്ള വളരെയധികം ശുചിത്വപൂർണ്ണവുമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖലതന്നെ സംസ്ഥാനത്ത് രൂപീകരിക്കപ്പെടുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; | (സി) ദേശീയ മത്സ്യ വികസന ബോർഡ്, സംസ്ഥാന ഫിഷറീസ് വകുപ്പ്, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെയാണ് മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | **ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?** | (ഡി) | 41 ആധുനിക മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കുന്നതിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചു. പള്ളുരുത്തി, തേവര, ആലുവ, നോർത്ത് പറവൂർ, ഏറ്റുമാനൂർ, ഇരിങ്ങാലക്കുട, തൊടുപുഴ, മാള, കുളത്തൂർ, വൈക്കം, ചങ്ങനാശ്ശേരി, സുൽത്താൻ ബത്തേരി, കൽപ്പറ്റ, കുമിളി, നിലമ്പൂർ, മൂവാറ്റുപ്പുഴ, ചിറയിൻകീഴ്, കാസർഗോഡ് എന്നീ 18 മാർക്കറ്റുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചു. 6 മാർക്കറ്റുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലും, 11 മാർക്കറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലും, 4 മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കേണ്ടതുമുണ്ട്. 2 മാർക്കറ്റുകൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. 21 കോടി രൂപയുടെ 11 മാർക്കറ്റുകൾക്ക് കൂടി അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**